# ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## 2024-2025 സാമ്പത്തികവർഷത്തെ

## ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 08-02-2024 തീയതിയിലെ

1(ii) - നമ്പർ തീരുമാനം പ്രകാരവും

ഭരണസമിതിയുടെ ............. തീയതിയിലെ

........ - നമ്പർ തീരുമാനപ്രകാരവും

അംഗീകരിച്ചത്. )

# ആമുഖം

വികേന്ദ്രീകൃത ആസൂത്രണത്തിന് ഊർജ്ജം പകർന്ന് പഞ്ചായത്തീരാജ് സംവിധാനം നിലവിൽ കാൽനൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുകയാണ്. പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിനും താഴെത്തട്ടിലുള്ള സമഗ്ര വികസനത്തിനും നാന്ദി കുറിച്ച ചരിത്രപരമായ ഈ മാറ്റം ഗ്രാമീണ മേഖലയിൽ വികസനത്തിന് പുതുജീവൻ നൽകുകയുണ്ടായി. പരിമിതികളെയും വെല്ലുവിളികളെയും അതിജീവിച്ച് വ്യക്തമായ കാഴ്ചപ്പാടോടെ കൂട്ടായ പ്രയത്നങ്ങളിലൂടെ നാം കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായതും പ്രതീക്ഷിക്കുന്നതുമായ വിഭവ സ്രോതസ്സുകൾ കൊണ്ട് കാർഷിക മേഖലയ്ക്കും, ക്ഷീര മേഖലയ്ക്കും ആരോഗ്യ മേഖലയ്ക്കും, പാർപ്പിട മേഖലയ്ക്കും പ്രാധാന്യം നൽകുന്നതിനോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനത്തിന് ഈ ബജറ്റ് മുൻതൂക്കം നൽകുന്നു. ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതികളും ലക്ഷ്യം വെച്ചുകൊണ്ടുള്ള ബജറ്റാണ് വിഭാവനം ചെയ്തിട്ടുള്ളത്. യുവജനങ്ങളെ തൊഴിൽ മേഖലയിലേയ്ക്കും സംരംഭക മേഖലയിലേയ്ക്കും എത്തിക്കുന്നതിനായും ബ്ലോക്ക് പഞ്ചായത്ത് ശ്രമിക്കുന്നു. അർഹിക്കുന്ന പ്രാധാന്യത്തോടെ വിവിധ മേഖലകളെ പരിഗണിച്ചുകൊണ്ടാണ് 2024-25 ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 2024-25 ബജറ്റിൽ വിഭാവനം ചെയ്യുന്ന സമ്പത്ത് കാര്യക്ഷമമായി വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ് എന്ന് അറിയിച്ചുകൊള്ളട്ടെ. നമുക്ക് ലഭ്യമാകുന്ന സമ്പത്ത് ഏറ്റവും കാര്യക്ഷമമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിന് ഈ ബജറ്റിന് ആകട്ടെ എന്ന് ആശംസിക്കുന്നു.

(ഒപ്പ്)

തടിയമ്പാട്
12/02/2024

രാജി ചന്ദ്രൻ
പ്രസിഡന്റ്
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്.

# ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് 2024-25

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ബജറ്റ് നിങ്ങളേവരുടെയും അനുമതിയോടെ അവതരിപ്പിക്കട്ടെ. അധികാരവികേന്ദ്രീകരണത്തിൽ അടിയുറച്ച് പ്രാദേശികസർക്കാരുകളുടെ സ്വയം പര്യാപ്തതയിലേയ്ക്കുള്ള മുന്നേറ്റത്തിന് അവരുടെ സാമ്പത്തികാസൂത്രണം അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവിൽ നിന്നും ഉരുത്തിരിഞ്ഞതാണ്; ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ബജറ്റ്. അടുത്ത ഒരു വർഷക്കാലയളവിലെ പ്രതീക്ഷിതവരവുകളും, ചെലവുകളും വിശദമായി പ്രതിപാദിക്കുന്ന കണക്കുകൾ ഇതോടൊപ്പമുണ്ട്. നിങ്ങളേവരുടെയും വിശദമായ പരിഗണനയ്ക്കും ചർച്ചകൾക്കും അംഗീകാരത്തിനുമായി ഈ ബജറ്റ് സമർപ്പിക്കുന്നു.

വികസനം ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ വർദ്ധമാനമായ തോതിൽ ലഭ്യമാക്കി; വിഭവങ്ങളുടെ വിതരണം, നീതിപൂർവ്വകമായി സുതാര്യമായി നിർവ്വഹിക്കപ്പെടുമ്പോഴാണ്, സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു വികസന പരിപ്രേക്ഷ്യം രൂപപ്പെടുന്നത്.

പതിനാലാം പഞ്ചവൽസരപദ്ധതിയിലെ മൂന്നാം വാർഷികപദ്ധതിയ്ക്കായി ആവിഷ്ക്കരിച്ച വികസന തന്ത്രത്തിൽ ഊന്നിയുള്ള ഒരു ബജറ്റാണിത്. നവകേരളസൃഷ്ടിയ്ക്കായി സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നാല് വികസന മിഷനുകളുടെ അന്ത:സത്ത കാത്തുസൂക്ഷിക്കുവാൻ ഉപകരിക്കുന്ന വിധത്തിൽ വിഭവങ്ങളുടെ വിനിയോഗം സാധ്യമാക്കുന്നതിന് ഈ ബജറ്റിൽ പരമാവധി പരിശ്രമിച്ചിട്ടുണ്ട്.

മറ്റ് പല ബ്ലോക്ക് പഞ്ചായത്തുകളെയും പോലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനും തനത് ഫണ്ട് തീർത്തും പരിമിതമാണ്. കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, കേന്ദ്രാവിഷ്കൃതപദ്ധതികളായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എം.പി ലാഡ്സ്, എം.എൽ.എ. എസ്.ഡി.എഫ് എന്നിവയാണ് പ്രധാന വരുമാന സ്രോതസുകൾ.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2024-25 വർഷത്തേയ്ക്ക് **71.41** കോടി രൂപ വരവും **71.35** കോടി രൂപ ചെലവും **5.77** ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

## പാർപ്പിട മേഖല

സ്വന്തമായൊരു വീട് ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ്. ഈ സ്വപ്നം സഫ
ലമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചുവരുന്ന ലൈഫ് ഭവനനിർമ്മാണ പദ്ധത
യിൽ പങ്കുചേരാൻ നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനും കഴിയുന്നു എന്നതിൽ, ഏറെ അഭിമാനമ
ണ്ട്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി വഴി കേന്ദ്രസർക്കാർ നൽകുന്ന ധനസഹായത്തോ
ടൊപ്പം, ത്രിതലപഞ്ചായത്തുകളുടെ വിഭവങ്ങളും സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്ന ഈ പദ്ധ
തിവഴി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ സമ്പൂർണ്ണപാർപ്പിട ലഭ്യത നാം ലക്ഷ്യം വക്കുന്നു.
ബ്ലോക്ക് പഞ്ചായത്തിൽ അടുത്ത ഒരു വർഷക്കാലം ഭവനനിർമ്മാണ ധനസഹായം നൽകുന്ന
തിനായി 1.60 കോടി രൂപ ലൈഫ്/പി.എം.എ.വൈ ഭവനനിർമ്മാണത്തിനായി ഈ ബജറ്റിൽ വക
യിരുത്തിയിട്ടുണ്ട്.

## ആരോഗ്യമേഖല:-

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന രണ്ട് സാമൂഹികാരോഗ്യകേന്ദ്രങ്ങളെയും, ജന
സൗഹൃദ ആരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക എന്നത് ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് ഈ
ഭരണസമിതിയുടെ തുടക്കം മുതൽ സ്വീകരിച്ചു പോരുന്നത്. ആയതിനാവശ്യമായ ഭൗതികസാ
ഹചര്യങ്ങൾ ഒരുക്കുന്നതിനും, ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും, മതി
യായ തുക ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സെക്കണ്ടറി പാലിയേറ്റീവ് പരിചരണത്തിനായി 12
ലക്ഷം രൂപയും വയോജനക്ഷേമത്തിനായി പഞ്ചായത്തുമായി ചേർന്ന് ഹാപ്പിനസ് പാർക്ക്
പദ്ധതിക്കായി 6.3 ലക്ഷം രൂപയും ഈ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്, കൂടാതെ ആരോഗ്യ സ്ഥാപന
ങ്ങളിൽ ആവശ്യമായതും, വകുപ്പുതലത്തിൽ ലഭ്യതയില്ലാത്തതുമായ മരുന്നുകളുടെ ലഭ്യത ഉറ
പ്പുവരുത്തുന്നതിനായി 18 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ആശുപത്രികളിലെ അടിസ്ഥാനസൗ
കര്യ വികസനത്തിനായും നിലവിലുള്ള കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ആസ്തികളുടെ സംരക്ഷ
ണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 37.6 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

കഞ്ഞിക്കുഴി സി.എച്ച്.സി യിൽ കിടത്തി ചികിത്സയും, വാത്തികുടി CHC യിൽ
സായാഹ്ന ഒ.പി. സംവിധാനവും നടപ്പിലാക്കുകയും, കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഹെൽത്ത്
... ഉപയോഗിച്ച് കഞ്ഞിക്കുഴി സി.എച്ച്.സിയുടെ ലാബ് നവീകരണം എന്നിവ
... ലാബ് ...കൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

നവീകരണത്തിന് ആവശ്യമായ മെഷിനുകളും, ഫർണീച്ചറുകളും വാങ്ങുന്നതിന് തുടർ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

പകർച്ചവ്യാധി വ്യാപനം തടയുന്നതിന് ഈ ബജറ്റിൽ 1 ലക്ഷം രൂപ വകയിരുത്തുന്നു. തെരുവു നായ നിയന്ത്രണത്തിനായി ABC പ്രോഗ്രാമിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ക്ഷീരമേഖല**:

കാർഷിക മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന ഈ കാലയളവിൽ അതിജീവനത്തിനായി കർഷകരെ ഒരളവ് വരെ സഹായിക്കുന്നത് ക്ഷീരമേഖലയാണ്. ക്ഷീര കർഷകരോളം, കഠിനാദ്ധ്വാനവും കഷ്ടപ്പാടുകളും അനുഭവിക്കുന്ന മറ്റൊരു വിഭാഗമില്ല എന്ന തിരിച്ചറിവിൽ ക്ഷീരമേഖലയ്ക്ക് കൈത്താങ്ങായി ഈ മേഖലയിൽ കൂടുതൽ ഊന്നൽ നൽകി കൊണ്ട് കാലിത്തീറ്റ വിതരണ പദ്ധതിയ്ക്കും പാലിന് ഇൻസെന്റീവ് നൽകുന്നതിനായും 71 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**കാർഷികമേഖല:-**

ബ്ലോക്ക് പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന സങ്കീർണ്ണ പ്രശ്നങ്ങൾക്ക് മുഴുവനും പരിഹാരം കണ്ടെത്തുക എന്ന് സാധ്യമല്ല എങ്കിലും നമ്മുടെ കർഷകർ കടന്ന്പോകുന്ന വഴികൾ അതി കഠിനമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഇടപെടലുകൾ നടത്തുന്നതിന് ഈ ബജറ്റിൽ സാധ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കരുതൽ കാർഷിക സംസ്കരണ യൂണിറ്റ്, കർഷകർക്ക് സ്ഥിര കൃഷിക്ക് കൂലിചെലവ്, വനിത ഘടക പദ്ധതിയിലുൾപ്പെടുത്തി വനിത കർഷക ഗ്രൂപ്പിന് സ്ഥിരം കൃഷിക്ക് കൂലിചെലവ് എന്നിവ ഉൾപ്പെടെ 39 ലക്ഷം രൂപ ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

**സാമൂഹ്യസുരക്ഷ:-**

സമൂഹത്തിൽ പരിഗണിക്കപ്പെടേണ്ട ഏറ്റവും പ്രധാന വിഭാഗം എന്ന നിലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരെ പരിചരണം ചെയ്യുന്ന ആളുകൾക്കുമായി ഭിന്നശേഷി കലോത്സവം എന്ന പദ്ധതി ഇട്ടുക്കി ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്യുന്നു.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനായി അവർക്ക് സ്കോളർഷിപ്പും, ബത്തയും നൽകുക എന്ന ഉദ്ദേശത്തോടെ 15 ലക്ഷം രൂപയും, മറ്റ് സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾക്കായി 18.28 ലക്ഷം രൂപയും ഉൾപ്പെടെ ഈ മേഖലയിൽ ആകെ 33.28 ലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

## യുവജനക്ഷേമം-വിദ്യാഭ്യാസ-കല-സംസ്ക്കാരം

പുതു തലമുറയെ സമൂഹത്തിലെ കലാസാംസ്കാരിക പ്രവർത്തനത്തിലേയ്ക്ക കൂടുത ഊർജ്ജസ്വലതയോടെ കൈ പിടിച്ചുയർത്തുന്നതിനും അവരുടെ കൂട്ടായ്മകളെ സമൂഹത്തിനുതകു രീതിയിൽ ഏകോപിപ്പിക്കുന്നതിനും ഗ്രന്ഥശാലകളും അതിനോടനുബന്ധിച്ച കൂടായ്മകളും വലിയ പ വഹിക്കുന്നു. ബ്ലോക്ക് പരിധിയിലെ ഗ്രന്ഥ ശാലകൾക്ക് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ നൽകുന്നതിന സാധിച്ചിട്ടുള്ളതും, കേരളോത്സവം പോലുള്ള പരിപാടികളിൽ യുവജനങ്ങളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിനും ഈ ബജറ്റ് ലക്ഷ്യം വയ്ക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനുബന്ധ പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപ വകയിരുത്തുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം:

ബ്ലോക്ക് പഞ്ചായത്തിലെ അംഗീകൃത പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര പുരോഗതിയും, അവരുടെ ക്ഷേമവും ലക്ഷ്യം വച്ച് കൊണ്ടുളള പദ്ധതികൾ ഈ വർഷവും തുട രുന്നതിന് ബജറ്റ് ലക്ഷ്യം വക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി ക്കായി 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ഈ മേഖലയിലെ പശ്ചാത്തല സൗക ര്യവികസനത്തിനായി 18 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾക്ക് 9 ലക്ഷം രൂപയും, പട്ടിക വർഗ്ഗ ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭത്തിന് 2 ലക്ഷം രൂപയും പട്ടികവർഗ്ഗ യുവജന ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ നൽകുന്നതിന് 1.4 ലക്ഷം രൂപയും ഈ ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നു.

## വനിതാക്ഷേമ പദ്ധതികൾ:

കാർഷികമേഖലയിലും, സ്വയംതൊഴിൽ മേഖലയിലും സ്ത്രീകളുടെ ക്ഷേമവും പുരോഗതിയിലും ലക്ഷ്യംവെച്ച് 36 ലക്ഷം രൂപയുടെ പദ്ധതികൾ ഈ ബജറിൽ വിഭാവനം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ മാനസിക ശാരീരിക ഉന്നമനത്തിനായി യോഗാ പരിശീലന പരിപാടികൾ രൂപീകരിച്ചിട്ടുണ്ട്.

## കുടിവെള്ളം/ശുചിത്വം:

വേനൽക്കാലമായാൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേ ശത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി 49.25 ലക്ഷം രൂപയും മാലിന്യ സംസ്ക്ക രണം/ശുചിത്വം മേഖലയിൽ ഇടുക്കി ജില്ലാ ആസ്ഥാനത്ത് സ്ലോട്ടർ ഹൗസ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയും ശ്മശാന നിർമ്മാണത്തിന് 5 ലക്ഷം രൂപയും ഖരമാലിന്യ സംസ്കരണ

കെട്ടിട നിർമ്മാണത്തിനായി 16 ലക്ഷം രൂപയും, ടോയ്‌ലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി 19.25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**തൊഴിൽമേഖല:**

തൊഴിൽ മേഖലയുടെ പുരോഗതിയ്ക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 60.55 കോടി രൂപയുടെ വിനിയോഗമാണ് പ്രതീക്ഷിക്കുന്നത്.

**ടൂറിസം:**

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലകൾ ടൂറിസം സാധ്യത കൂടുതലുള്ള പ്രദേശമാണ്. കാൽവരിമൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള ടൂറിസം കേന്ദ്രത്തിന്റെ പോരായ്മകൾ പരിഹരിച്ച് ടൂറിസം കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ കാൽവരിമൗണ്ട്, പരുന്തുംപാറ,കാഞ്ഞാർ വാട്ടർ തീം പാർക്ക്, പാൽക്കുളംമേട്, പുള്ളിക്കാനം, പുന്നയാർ, മാലിക്കുത്ത് എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പശ്ചാത്തല മേഖലകളിൽ സാധ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഈ ബജറ്റിൽ പ്രാമുഖ്യം കൊടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി സംയുക്തമായി ടൂറിസം വികസനത്തിന് പദ്ധതി ഏറ്റെടുക്കുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

**പശ്ചാത്തല മേഖല**

ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ പരമാവധി തുക പ്രയോജനപ്പെടുത്തി സമഗ്ര മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് 83 ലക്ഷം രൂപയുടെ പദ്ധതികൾ പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

**ജലബജറ്റ്:**

ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജല ബജറ്റ്. നിലവിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ടും ജല ലഭ്യത പരമാവധി ഉപയോഗിച്ച് വരും കാലങ്ങളിലേക്കും, ജലലഭ്യതകുറവുള്ള പ്രദേശങ്ങളിലേക്ക് ജലത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി വിവിധ വകുപ്പുകളെയും ത്രിതല പഞ്ചായത്തുകളെയും യോജിപ്പിച്ചുകൊണ്ട് ജലബജറ്റ് തയ്യാറാക്കുന്നതിന് ജില്ലയിൽ ആദ്യമായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനെ സംസ്ഥാന സർക്കാർ തിരഞ്ഞെടുത്തിരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് എല്ലാ പഞ്ചായത്തുകളിലും നീർത്തടാധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ബ്ലോക്ക് പരിധിയിലെ കുടിവെള്ള ലഭ്യതയും, ജലസേചന സൌകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ഈ ബജറ്റ് ലക്ഷ്യം വെയ്ക്കുന്നു.

**ഉപസംഹാരം**

പാർപ്പിടമേഖല, ആരോഗ്യപരിപാലന,കാർഷിക, ക്ഷീരമേഖലകൾക്ക് ഊന്നൽ നൽകി ക്കൊണ്ടുള്ള ബജറ്റാണ് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2024-25 വർഷത്തേയ്ക്കായി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷികമേഖലയ്ക്കും ക്ഷീരകർഷകരുടെ ക്ഷേമത്തിനും യുവജനക്ഷേമ ത്തിനും, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കും ബജ റ്റിൽ മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ വികസന പ്രശ്നങ്ങൾക്കും ഈ ഒരു വർഷക്കാലം കൊണ്ട് ശാശ്വത പരിഹാരം കാണുവാൻ കഴിയില്ല എന്നകാര്യം ഉൾക്കൊണ്ടുതന്നെ ലഭ്യമായ വിഭവങ്ങൾ പരമാവധി കാര്യക്ഷമമായും, സമഗ്രമേ ഖലകളെയും പരിഗണിച്ചും വിനിയോഗിക്കുന്നതിന് ഈ ബജറ്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുമായി യോജിച്ച് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുൻഗണന നൽകിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിലുള്ള പഞ്ചായത്തുകൾ അതിദരിദ്ര മുക്തമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രാമുഖ്യം നൽകുന്നു. ബജറ്റ് വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചാ യത്തിലെ മുഴുവൻ ജനങ്ങളുടെയും, ഭരണസമിതി, ഗ്രാമപഞ്ചായത്തു ഭരണസമിതികൾ, ജനപ്ര തിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെക്കുള്ള ബജറ്റ് നിങ്ങളോരോരുത്തരുടെയും പരിഗണനയ്ക്കും ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പി ച്ചുകൊള്ളുന്നു.

തടിയമ്പാട്
12/02/2024

(ഒപ്പ്)

സിബിച്ചൻ തോമസ്
വൈസ് പ്രസിഡന്റ്,
ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ.